## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3659 — 20.06.2019 ൽ മറുപടിക്ക്

## ദേശീയ ഗുണമേന്മ അംഗീകാരമുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

<table>
<tr><td colspan="2">ചോദ്യം<br><br>ശ്രീ.റോജി എം. ജോൺ</td><td colspan="2">ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ ഗുണമേന്മ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കേന്ദ്രങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ ;</td><td>(എ)</td><td>ലഭിച്ചിട്ടുണ്ട്. നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അക്രഡിറ്റേഷൻ ലഭിച്ച പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ താഴെ പറയുന്നു.<br><table>
<tr><td>1.</td><td>PHC Chittarikkal</td><td>Kasaragod</td></tr>
<tr><td>2.</td><td>PHC Narkilakkad</td><td>Kasaragod</td></tr>
<tr><td>3.</td><td>FHC Thirunavaya</td><td>Malappuram</td></tr>
<tr><td>4.</td><td>FHC Kanchiyar</td><td>Idukki</td></tr>
<tr><td>5.</td><td>FHC Mutholi</td><td>Kottayam</td></tr>
<tr><td>6.</td><td>FHC Noolpuzha</td><td>Wayanad</td></tr>
<tr><td>7.</td><td>PHC Purakkad</td><td>Alappuzha</td></tr>
<tr><td>8.</td><td>FHC Peruvemba</td><td>Palakkad</td></tr>
<tr><td>9.</td><td>FHC Chemmaruthy</td><td>Trivandrum</td></tr>
<tr><td>10.</td><td>FHC Karindalam</td><td>Kasaragod</td></tr>
<tr><td>11.</td><td>FHC Valiyaparamba</td><td>Kasaragod</td></tr>
<tr><td>12.</td><td>FHC Kayyur</td><td>Kasaragod</td></tr>
<tr><td>13.</td><td>FHC Valapattanam</td><td>Kannur</td></tr>
<tr><td>14.</td><td>FHC Therthally</td><td>Kannur</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഏതൊക്കെ കാര്യങ്ങൾ വിലയിരുത്തിയാണ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ ഗുണമേന്മ അംഗീകാരം നൽകുന്നതെന്ന് വ്യക്തമാക്കുമോ?</td><td>(ബി)</td><td>പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ ഗുണമേന്മ അംഗീകാരം നൽകുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച എൻ.ക്യൂ.എ.എസ് ചെക്ക് ലിസ്റ്റ് പ്രകാരമാണ്. സെൽഫ് അസസ്സ്മെന്റ്, ജില്ലാതല അസസ്സ്മെന്റ്, സംസ്ഥാനതല അസസ്സ്മെന്റ് എന്നിവ എൻ.ക്യൂ.എ.എസ് (നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ്) ചെക്ക്ലിസ്റ്റ് ഉപയോഗിച്ച് നടത്തേണ്ടതാണ്. എൻ.ക്യൂ.എ.എസ് ചെക്ക്ലിസ്റ്റിൽ 8 ഏര്യകളായി തിരിച്ചിരിക്കുന്നു.<br>1. സർവ്വീസ് പ്രൊവിഷൻ<br>2. പേഷ്യന്റ് റൈറ്റ്സ്<br>3. ഇൻപുട്ട്സ് അഥവാ പശ്ചാത്തലസൗകര്യം</td></tr>
</table>

| | | | |
|---|---|---|---|
| | | | 4. സപ്പോർട്ടീവ് സർവ്വീസസ്സ്<br>5. ക്ലിനിക്കൽ സർവ്വീസസ്സ്<br>6. ഇൻഫെക്ഷൻ കൺട്രോൾ<br>7. ക്വാളിറ്റി മാനേജ്മെന്റ്<br>8. ഔട്ട് കം ഇന്റിക്കേറ്റേർസ്<br>മേൽ പറഞ്ഞ അസസ്സ്മെന്റുകളിൽ എല്ലാ വിഭാഗങ്ങൾക്കും 70% മാർക്കിൽ കൂടുതൽ ലഭിക്കുകയാണെങ്കിൽ സ്ഥാപനത്തെ നാഷണൽ ലെവൽ അസസ്സ്മെന്റിലേക്കായി പരിഗണിക്കുന്നതാണ്. എൻ.എച്ച്.എസ്.ആർ.സി. നിയമിക്കുന്ന 2 അംഗ പരിശോധന സംഘം 2 ദിവസം പ്രാഥമികാരോഗ്യ കേന്ദ്രം സന്ദർശിച്ച് പരിശോധന നടത്തുകയും, ആ പരിശോധനയിൽ താഴെ പറയുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചു എന്ന് ഉറപ്പു വരികയാണെങ്കിൽ എൻ.എച്ച്.എസ്.ആർ.സി കേന്ദ്ര ഗവൺമെന്റ് എൻ.ക്യൂ.എ.എസ് അംഗീകാരത്തിനായി ശുപാർശ നൽകുകയും കേന്ദ്ര ഗവൺമെന്റ് എൻ.ക്യൂ.എ.എസ്. അംഗീകാരം നൽകുകയും ചെയ്യുന്നു.<br>1. മൊത്തം സ്കോർ 70 % ത്തിനു മുകളിൽ<br>2. എല്ലാ ഡിപ്പാർട്ടുമെന്റുകളിലും 70%-ത്തിനു മുകളിൽ സ്കോർ<br>4. എല്ലാ സ്റ്റാന്റേർഡുകളിലും 50% ത്തിനു മുകളിൽ സ്കോർ<br>5. ഗുണഭോക്താക്കളുടെ സംതൃപ്തി സ്കോർ 65%-ത്തിനു മുകളിൽ |

സെക്ഷൻ ഓഫീസർ